**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6343** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിയിൽ കരാറുകാർക്ക് നൽകേണ്ട കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലജീവൻ പദ്ധതിക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റി നാളിതുവരെ എത്ര കോടി രൂപ കരാറുകാർക്ക് നൽകി; അതിൽ അതിൽ കേന്ദ്ര വിഹിതം എത്ര, സംസ്ഥാന വിഹിതം എത്ര, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ഉപഭോക്തൃ വിഹിതവും എത്രയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റി നാളിതുവരെ ആകെ 9,732.08 കോടി രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. അതിൽ കേന്ദ്ര വിഹിതം 4,816.17 കോടി രൂപയും സംസ്ഥാന വിഹിതം 4,915.91 കോടി രൂപയുമാണ്. ഈ തുകയിൽ കരാറുകാർ, റോഡ് റെസ്റ്റോറേഷൻ, ലൈസൻസ് ഫീസ്, വോളന്റിയേർസ് ഉള്ള ശമ്പളം, തുടങ്ങിയവ ഉൾപ്പെട്ടും. കരാറുകാർക്ക് നൽകിയ തുകയുടെ മാത്രം കണക്ക് ലഭ്യമല്ല.<br><br>ജല ജീവൻ മിഷൻ വിഭാവനം ചെയ്തിരിക്കുന്നത് പ്രകാരം കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 50 : 50 എന്ന അനുപാതത്തിൽ ആണ് പദ്ധതി തുക വഹിക്കേണ്ടത്. സംസ്ഥാനം വിഭാവനം ചെയ്തിരിക്കുന്നത് പ്രകാരം സംസ്ഥാന വിഹിതമായ 50% ൽ 25% സംസ്ഥാന ഗവൺമെന്റിന്റെയും, തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം 15% വും ഗുണഭോക്തൃവിഹിതം 10% വും ആണ്. |
| (ബി) | 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ജലജീവൻ മിഷൻ പദ്ധതിക്ക് വേണ്ടി എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ജലജീവൻ മിഷന് വേണ്ടി 500 കോടി രൂപ വകയിരുത്തിയിരുന്നു. സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാന്റ് മുഖേന 1362.07 കോടി രൂപ കൂടി സംസ്ഥാന സർക്കാർ അധികമായി വകയിരുത്തി. ഇതിൽ നിന്ന് 1,207.15 കോടി രൂപ ലഭിക്കുയും ചെയ്തു. മുൻ വർഷത്തെ നീക്കിയിരുപ്പ് തുക ഉൾപ്പെടെ 1,448.53 കോടി രൂപയും ചെലവഴിച്ചു. |
| (സി) | 2024-25 വർഷത്തെ ബഡ്ജറ്റിൽ ജലജീവൻ മിഷൻ പദ്ധതിക്ക് വേണ്ടി എത്ര തുക വകയിരുത്തിയെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (സി) | 2024-25 വർഷത്തിൽ ജലജീവൻ മിഷന് വേണ്ടി കേന്ദ്ര വിഹിതമായി 1,949.36 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ 550 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്ന് കേന്ദ്ര വിഹിതമായി 292.40 കോടി രൂപയും സംസ്ഥാന വിഹിതമായി 285.58 കോടി രൂപയും |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. ഈ ലഭിച്ച തുകയിൽ നിന്ന് 569.63 കോടി രൂപ ഇതിനോടകം ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ